TUESDAY 25.07.2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-25/07/2023.

1. കാർഷിക മേഖലയിൽ ചെലവുകുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്ര വൽക്കരണ ഉപ പദ്ധതി SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക - യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര വിളസംസ്കരണം വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimadhinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2023 2024 - സാമ്പത്തിക വർഷത്തിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ 01.08.2023 മുതൽ നൽകാവുന്നതാണ്. കാർഷിക യന്ത്രവൽക്കരണ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷി ഭവനുമായോ 0471 2306748, 0477 2266084, 0495 2725354 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണമായ കേരളകർഷകൻ മാസികയുടെ വരിസംഖ്യ ഒറ്റ പ്രതി 10 രൂപ എന്നത് 20 രൂപയായും ബുക്ക് സ്റ്റോളുകളിൽ 7.50 എന്നത് 15 രൂപയായും വർദ്ധിപ്പിച്ചു.

3. കല്ലിയൂർ കൃഷിഭവനിൽ WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ ഇപ്പോൾ ലഭ്യമാണ് വില ഒന്നിന് 50 രൂപ മാത്രം . ആവശ്യമുള്ള കർഷകർ തന്നാണ്ടിലെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ് കൂടി കൊണ്ടുവരേണ്ടതാണ്

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) 'മണ്ണ് സംരക്ഷണവും പരിപാലനവും' (Soil Health Management) എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്റ്റേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : 2023 ഓഗസ്റ്റ് 8. കോഴ്സുകൾ 2023 ഓഗസ്റ്റ് 9ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ celkau@gmail.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് 0487-2438567, 0487-2438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

5. കേരള കാർഷിക സർവകലാശാല, കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയിൽ 26.07.2023 ന് 'ശുദ്ധജല മത്സ്യകൃഷി' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഫീസ് -500/രൂപ. രജിസ്ട്രേഷന് 0487 2370773 എന്ന ഫേൺ നമ്പറിൽ ബന്ധപ്പെടുക

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ ബാങ്കിംഗ് & മാനേജ്മെന്റിൽ 2023-24 അധ്യയനവർഷത്തെ എംബിഎ (അഗ്രി. ബിസിനസ് മാനേജ്മെൻറ്) കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി പുനർവിജ്ഞാപനം പുറപ്പെടുവിച്ചു. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാലയുടെ വെബ്സൈറ്റ് www.admissions.kau.in സന്ദർശിക്കുക അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 14.08.2023.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ആഗസ്റ്റ് 9 മുതൽ 11 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ ഇന്ന് (25/07/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

9. വെള്ളായണി കാര്‍ഷിക കോളേജില്‍ പൂന്തോട്ട നിര്‍മ്മാണം, നഴ്സറി പരിപാലനം, സൂക്ഷ്മ ജലസേചനം എന്നീ വിഷയങ്ങളില്‍ ഈ മാസം 27,29 (ജൂലൈ 27, 29) തീയതികളിലായി ദ്വദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 600 രൂപ. രാവിലെ 10 മുതല്‍ വൈകുന്നേരം 4 വരെയാണ് പരിശീലന സമയം. പരിശീലനത്തില്‍ പങ്കെടുക്കുന്നവര്‍ക്ക് സര്‍ട്ടിഫിക്കറ്റും നഴ്സറി നിര്‍മാണത്തെ കുറിച്ചുള്ള പുസ്തകവും നല്‍കുന്നതാണ്. പങ്കെടുക്കുവാന്‍ താല്‍പര്യമുള്ളവര്‍ 8606631545 എന്ന നമ്പരിലേക്ക് വിളിക്കുകയോ പേരും ഫോണ്‍ നമ്പരും വാട്ട്സ്ആപ്പ് സന്ദേശം അയച്ചോ പേര് രജിസ്ട്രര്‍ ചെയ്യേണ്ടതാണ്. കൂടുതല്‍ വിവരങ്ങള്‍ക്ക് 9495118208 എന്ന നമ്പരില്‍ ബന്ധപ്പെടേണ്ടതാണ്.

10. കോഴിക്കോട് ജില്ലയിലെ ബേപ്പൂര്‍ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സര്‍ക്കാര്‍ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തില്‍ വെച്ച് 07.08.2023 മുതല്‍ 11.08.2023 വരെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ **ക്ഷീരകര്‍ഷകര്‍ക്കായി ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തില്‍ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷന്‍ ഫീസ് 20/-രൂപ. ആധാര്‍ കാര്‍ഡിന്റെ പകര്‍പ്പ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകര്‍പ്പ് എന്നിവ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനപരിപാടിയില്‍ പങ്കെടുക്കാന്‍ താത്പര്യമുള്ളവര്‍ 03.08.2023ന് വൈകുന്നേരം 5 മണിക്ക് മുന്‍പായി നേരിട്ടോ dd-dtc-kkd.dairy@kerala.gov.in എന്ന ഇ മെയില്‍ വിലാസത്തിലോ 0495- 2414579 എന്ന ഫോണ്‍ നമ്പര്‍ മുഖാന്തരമോ പേര് രജിസ്റ്റര്‍ ചെയ്യേണ്ടതാണ് .

11. കേരള കാര്‍ഷിക സര്‍വകലാശാലയുടെ കീഴില്‍ മണ്ണുത്തിയില്‍ പ്രവര്‍ത്തിക്കുന്ന കമ്മ്യൂണിക്കേഷന്‍ സെന്ററിന്റെ ആഭിമുഖ്യത്തില്‍ ആഗസ്റ്റ് മാസം 3 ന് വാണിജ്യ അടിസ്ഥാനത്തിലുള്ള അച്ചാര്‍ നിര്‍മ്മാണം 10 ന് പൂന്തോട്ട പരിപാലനവും ലാന്‍ഡ്സ്കേപ്പിങ്ങും 22ന് അക്വാപോണിക്സ് ബയോഫ്ലോഗ് മത്സ്യകൃഷി രീതികള്‍ 24ന് ചിപ്പി കൂണ്‍ കൃഷി എന്നീ വിഷയങ്ങളില്‍ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനീസ് 550 രൂപ. പരിശീലനത്തില്‍ പങ്കെടുക്കുവാന്‍ താല്പര്യമുള്ളവര്‍ ഓഫീസ് പ്രവര്‍ത്തി ദിവസങ്ങളില്‍ രാവിലെ 10 മണി മുതല്‍ 5 മണി വരെയുള്ള സമയങ്ങളില്‍ 0487 2370773 എന്ന നമ്പറില്‍ ബന്ധപ്പെടുക.